ശ്രീ. തച്ചടി പ്രഭാകരൻ: ഇവിടെ സംഘടനകളുടെ സർട്ടിഫിക്കറ്റ് അല്ല, അതിനാവശ്യമായിട്ടുള്ളത്. ആർട്ടിസാൻസ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ നൽകുന്ന സർട്ടിഫിക്കറ്റിനെ ആധാരമാക്കിയാണ് ഇത് കൊടുക്കുന്നത്. പൊളിറ്റിക്കലായിട്ടുള്ള ധാരാളം സംഘടനകളും ഉണ്ട്. അവർ തമ്മിൽ വൈരുദ്ധ്യവുമുണ്ട്. അവരുടെ സർട്ടിഫിക്കറ്റുകളും ഗവൺമെന്റ് ഒരിക്കലും പരിഗണിക്കുകയില്ല.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഈ ആർട്ടിസാൻസ് അടക്കമുള്ള കേരളത്തിലെ പരമ്പരാഗത വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനു വേണ്ടി ആ വകുപ്പിന്റെ പ്രവർത്തനം ധനകാര്യവകുപ്പു മന്ത്രിയുടെ കീഴിലാക്കുന്നതിനുവേണ്ടി ഗവൺമെന്റ് ശ്രമിക്കുമോ?

(മറുപടി പറഞ്ഞില്ല)

കെ. എസ്. ആർ. ടി. സി. യിൽ ട്രാൻസ് മൊബൈൽ സമ്പ്രദായം

* 451 [481] ശ്രീ. പി. കുമാരൻ:
,, കെ. പി. പ്രഭാകരൻ:
,, കാനം രാജേന്ദ്രൻ:
,, കെ. ആർ. ചന്ദ്രമോഹനൻ:
,, കെ. ടി. കുണാരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി. യിൽ ട്രാൻസ് മൊബൈൽ സമ്പ്രദായം നടപ്പിലാക്കുന്നതിനുവേണ്ടി മൊത്തം ചെലവഴിച്ച സംഖ്യയെത്ര:

(ബി) ഏതെല്ലാം ജില്ലകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;

(സി) ഈ സമ്പ്രദായംമൂലം കെ. എസ്. ആർ. ടി. സി.-യ്ക്ക് എന്തെങ്കിലും നേട്ടമുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ട്രാൻസ് മൊബൈൽ സിസ്റ്റം ഇല്ലാത്ത ജില്ലകളിൽ കൂടി എർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. പി. കെ. വേലായുധൻ):

(എ) 4,35,667.88 രൂപ.
(ബി) തിരുവനന്തപുരം ജില്ലയിൽ മാത്രം.
(സി) ഉണ്ട്.
(ഡി) പരിഗണിക്കുന്നതാണ്.

ശ്രീ. പി. കുമാരൻ: ഈ ട്രാൻസ് മൊബൈൽ സമ്പ്രദായത്തിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: ഈ ട്രാൻസ് മൊബൈൽ യൂണിറ്റിന്റെ പ്രവർത്തനംകൊണ്ടുദ്ദേശിക്കുന്നത് തിരുവനന്തപുരം സിറ്റിയിൽ എവിടെയെങ്കിലും ബസ്സുകൾ ബ്രേക്ക് ഡൗൺ ആയിക്കഴിഞ്ഞാൽ കൺട്രോൾ റൂമിൽ കിട്ടുന്ന മെസേജിനെ അടിസ്ഥാനപ്പെടുത്തി മെക്കാനിക്കും മറ്റ് ആവശ്യങ്ങൾക്കുള്ള സ്പെയർപാർട്ടുകളുമായി വാൻ

LIBRARY ARCHIVES Kerala Legislative Assembly

ഓടിയെത്തുകയും പെട്ടെന്ന് അത് റിപ്പയർ ചെയ്ത് ഗതാഗതയോഗ്യമാക്കുകയും ചെയ്യുകയാണ്. അതുപോലെതന്നെ യാത്രക്കാർ വളരെയധികമുള്ളതായ ബസ് സ്റ്റോപ്പുകളിൽ ട്രാൻസ് മൊബൈൽ യൂണിറ്റിലുള്ള ഇൻസ്പെക്ടർ ഇറങ്ങിനിന്ന് ബസ്സുകൾ നിർത്തിച്ച് യാത്രക്കാരെ കയറ്റിക്കൊണ്ടുപോകുന്നതിനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുകയും ചെയ്യുന്നുണ്ട്.

ശ്രീ. പി. കുമാരൻ: ഇത് തിരുവനന്തപുരം ജില്ലയ്ക്കു പുറമേ മറ്റ് ജില്ലകളിലേക്കുകൂടി ഇതിന്റെ വ്യാപ്തി വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ? അതിനുള്ള നടപടികളെടുക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: സർ, തിരുവനന്തപുരം ജില്ലയിൽ ചിറയിൻകീഴ് താലൂക്ക് ഒഴികെയുള്ള മറ്റ് പ്രദേശങ്ങളിൽ ബസ് റൂട്ടുകൾ ദേശസാൽക്കൃതമാണ്. മറ്റു ജില്ലകളിൽ ഭാഗികം മാത്രമാണ്. സമ്പൂർണ്ണമായും ദേശവൽക്കൃതമായിട്ടുള്ള മേഖലയിൽ ഇത് പരീക്ഷണാർത്ഥം നടപ്പിലാക്കിയതാണ്. അത് വിജയിച്ചിട്ടുണ്ട്. മറ്റ് ജില്ലകളിലേക്ക് വ്യാപിപ്പിക്കുന്ന കാര്യം ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. പി. പ്രഭാകരൻ: ഏതു വർഷത്തിലാണ് പരീക്ഷണാർത്ഥം ഇത് തിരുവനന്തപുരം ജില്ലയിൽ ആരംഭിച്ചത് എന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: ട്രാൻസ് മൊബൈൽ യൂണിറ്റിന്റെ പ്രവർത്തനം 1984 ആഗസ്റ്റ് മാസത്തിലാണ് ആരംഭിച്ചത്.

ശ്രീ. കെ. പി. പ്രഭാകരൻ: ഇതുകൊണ്ട് നേട്ടമുണ്ടെന്നു പറയുന്നു. ഇന്ന് പൂർണ്ണമായി ജില്ല ദേശവൽക്കൃതമല്ലെങ്കിലും സമാന്യേന കൂടുതൽ ദേശവൽക്കൃതമായിട്ടുള്ള സ്ഥലങ്ങളിലൊക്കെ തന്നെ വഴിയിൽ വണ്ടി കേടായി കിടക്കുന്നതിന്റെ ഫലമായി യാത്രക്കാർ വളരെയേറെ കഷ്ടത അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ഇതുകൊണ്ട് മെച്ചമുണ്ടെന്ന് കണ്ടിട്ട് മറ്റു ജില്ലകളിൽ നടപ്പാക്കുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: ഇവിടെത്തന്നെ ഈ യൂണിറ്റിന്റെ പ്രവർത്തനത്തിന് നാലുലക്ഷത്തിമുപ്പത്തയ്യായിരത്തിൽപ്പരം രൂപ ചെലവ് വന്നു. തുടക്കത്തിൽ അതിൻമേൽ വയർലസ് ഘടിപ്പിക്കാനും അതിന്റെ പ്രവർത്തനം പോലീസ് ഡിപ്പാർട്ടുമെന്റുമായി സഹകരിച്ച് മെസ്സേജ് പാസ് ചെയ്യാനും സൗകര്യമുണ്ടായിരുന്നു. ഇപ്പോൾ ഹോം ഡിപ്പാർട്ടുമെന്റിന്റെ ഇടപെടൽ മൂലം വയർലെസ് സിസ്റ്റം നിറുത്തിയിരിക്കുകയാണ്. അങ്ങനെ വന്നിട്ടുള്ളതുകൊണ്ട് ഫർദറായിട്ട് മറ്റു പ്രദേശങ്ങളിലേക്ക് എങ്ങനെ എക്സ്റ്റെൻഡ് ചെയ്യണമെന്നുള്ളതിനെ സംബന്ധിച്ച് കെ. എസ്. ആർ. ടി. സി. യുടെ മാനേജുമെന്റ് വിശദമായി പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കാനം രാജേന്ദ്രൻ: ട്രാൻസ് മൊബൈൽ സിസ്റ്റം സിറ്റിയിൽ പരീക്ഷണാർത്ഥം തുടങ്ങിയ സന്ദർഭത്തിൽ വയർലെസ് സെറ്റുകൾ ഈ മൊബൈൽ യൂണിറ്റുകളിൽ ഉപയോഗിച്ചിരുന്നു. പോലീസ് സ്കാഡിന് വിരുദ്ധമായി ആരുടെയും അനുവാദമില്ലാതെ വയർലെസ് സിസ്റ്റം ഉപയോഗിക്കുന്നതിനെതിരായിട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? ഇപ്പോൾ വയർലെസ് സമ്പ്രദായം പ്രവർത്തിക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വേലായുധൻ: അന്ന് ഫോം ഡിപ്പാർട്ടുമെന്റിന്റെ അംഗീകാരത്തോടുകൂടിയാണ് തുടങ്ങിയത്. പിന്നീട് മെസ്സേജുകൾ മാറുന്നതിൽ ഓവർലാപ്പിംഗ് ഉണ്ടാകുകയും വളരെ അതിപ്രധാനമായ പോലീസ് ഡിപ്പാർട്ടുമെന്റിന്റെ രഹസ്യങ്ങൾ ഈ വയർലെസ് സെറ്റിലൂടെ വരികയുംചെയ്ത സന്ദർഭത്തിലാണ് 1985 മേയ് മാസത്തിൽ വയർലെസ്സിന്റെ പ്രവർത്തനം നിറുത്തിവച്ചത്.

ശ്രീ. കാനം രാജേന്ദ്രൻ: നാഷണൽ ഹൈവേയിലും മറ്റു മെയിൻ റോഡുകളിലും വളരെ കൂടുതൽ വാഹനങ്ങൾ ബ്രേക്ക്ഡൗണായി കിടക്കാറുള്ളത് സാധാരണയാണ്. അതുകൊണ്ട് സിറ്റിയിലെ ട്രാൻസ് മൊബൈൽ സിസ്റ്റം പരിശോധിക്കുന്നതോടൊപ്പംതന്നെ എല്ലാ ഡിസ്ട്രിക്റ്റുകളിലുമുള്ള മൊബൈൽ വർക്ക്ഷോപ്പുകളുടെ യൂണിറ്റുകൾ കൂടുതൽ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. കെ. വേലായുധൻ: ഈ കാര്യം പരിഗണിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: ഇപ്പോൾ ഈ സമ്പ്രദായമനുസരിച്ച് എത്ര വാഹനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

ശ്രീ. പി. കെ. വേലായുധൻ: അഞ്ച് ട്രാൻസ് മൊബൈൽ വാഹനങ്ങൾ വാങ്ങിയാണ് ഇതിന്റെ പ്രവർത്തനം നടത്തിക്കൊണ്ടിരുന്നത്.

ശ്രീ. കെ. ആർ. ചന്ദ്രമോഹനൻ: വയർലെസ് സംവിധാനം ചില പ്രത്യേക പരിതഃസ്ഥിതികളിൽ ഉപേക്ഷിക്കേണ്ടിവന്നുവെന്നു പറഞ്ഞു. ഈ വയർലെസ് സംവിധാനമുപേക്ഷിച്ചതിനുശേഷം ട്രാൻസ് മൊബൈൽ സംവിധാനം ഉപയോഗിച്ചതുകൊണ്ട് എന്തെങ്കിലും പ്രത്യേക കൂടുതൽ ഗുണം ഉണ്ടായിട്ടുണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: ഉണ്ട്. ഇപ്പോൾ ചെയ്യുന്നതെന്തെന്നുവച്ചാൽ വണ്ടി ഓഫ് റോഡായിക്കഴിഞ്ഞാൽ കണ്ടക്ടർ തൊട്ടടുത്ത ഡിപ്പോയിൽ അറിയിക്കുകയും ആ ഡിപ്പോയിൽനിന്ന് കൺട്രോൾ റൂമിൽ വിവരമറിയിക്കുകയും ട്രാൻസ് മൊബൈൽ യൂണിറ്റിനെ അയയ്ക്കുകയും ചെയ്യുന്നു. ഫയർഫോഴ്സിലൊക്കെ വണ്ടി റെഡിയായി നിൽക്കുന്നതുപോലെ കൺട്രോൾ റൂമിലും എപ്പോഴും ഒരു വാഹനം എന്താവശ്യത്തിനും റെഡിയായിട്ട് നിൽക്കും. ചീഫ് ഓഫീസറുടെ കൺട്രോൾ റൂമിൽ മെസ്സേജ് കിട്ടുന്ന മുറയ്ക്ക് അവിടെ റെഡിയായി നിൽക്കുന്ന വാഹനം ഉടനടി സ്പോട്ടിലേക്ക് റഷ് ചെയ്യുകയും ഓഫ് റോഡായി കിടക്കുന്ന വണ്ടി റിപ്പയർ ചെയ്ത് ഓടിപ്പിക്കുകയും ചെയ്യാൻ വേണ്ട ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

ശ്രീ. കെ. ടി. കുഞ്ഞിരാമൻ: ഇവിടെ മൊബൈൽ വാഹനത്തെ സംബന്ധിച്ചു പറഞ്ഞു. ദേശീയപാതകളിലുൾപ്പെടെ റൂട്ടുകളിൽ മൊബൈൽ വർക്ക് ഷോപ്പുകളുടെ പ്രവർത്തനം കുറച്ചുകൂടി കാര്യക്ഷമതമാക്കുന്നതിന് പ്രത്യേകമായി വല്ല നടപടിയും സ്വീകരിക്കാൻ തയ്യാറുണ്ടോ?

ശ്രീ. പി. കെ. വേലായുധൻ: പുതിയ ചെയർമാൻ വന്നതിനുശേഷം ഉത്തരം കാര്യങ്ങൾ സജീവമായി പരിശോധിക്കുകയും പരിഗണിച്ചുകൊണ്ടിരിക്കുകയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. കണാരൻ: വയർലെസ്സിന്റെ പ്രവർത്തനത്തോടു കൂടി മൊബൈൽ വാഹനത്തിന്റെ പ്രവർത്തനം ഉദ്ദേശാർത്ഥത്തിൽ പരാജയപ്പെട്ടിരിക്കുകയാണ് എന്നുള്ള വസ്തുത മുൻനിറുത്തി ആ സാമ്പത്തികമായിട്ടുള്ള കഴിവുകൂടി ഇന്ന് കട്ടപ്പുറത്തിരിക്കുന്ന ട്രാൻസ്പോർട്ട് ബസ്സുകൾ റോഡിലിറക്കാൻ പര്യാപ്തമായ വിധത്തിൽ ഉപയോഗിക്കാൻ ദയവുണ്ടാകുമോ?

ശ്രീ. പി. കെ. വേലായുധൻ: നോർമലായി വളരെ ചെറിയ തുക മാത്രമാണ് ഈ കാര്യത്തിൽ വരുന്നത്. വയർലെസ് സിസ്റ്റം ഉപേക്ഷിച്ചതുകൊണ്ട് വലിയ കുഴപ്പങ്ങളൊന്നും ഉണ്ടായിട്ടില്ല.

ശ്രീ. കെ. ടി. കണാരൻ: ഇവിടെ മൊബൈൽ വാഹനങ്ങൾ പ്രവർത്തിക്കുന്നതുകൊണ്ട് സാമ്പത്തികമായിട്ട് കോർപ്പറേഷന് ലാഭമാണോ നഷ്ടമാണോ ഉണ്ടായിട്ടുള്ളത്?

ശ്രീ. പി. കെ. വേലായുധൻ: തിരുവനന്തപുരം സിറ്റിക്കകത്ത് സർവ്വീസ് വളരെ ഫലപ്രദമായി ഓപ്പറേറ്റു ചെയ്യുന്നതിന് സ്റ്റാഫിനെ സഹായിക്കാനും ബസ്സ്റ്റോപ്പുകളിൽ നിൽക്കുന്ന യാത്രക്കാരെ കൂടുതൽ കയറ്റിക്കൊണ്ടുപോകാനും ഓഫ് റോഡാകുന്ന വണ്ടികൾ ഉടനടി റിപ്പയർ ചെയ്ത് ഓടിക്കാനും കഴിഞ്ഞിട്ടുണ്ട്. ഓഫ് റോഡാകുന്ന വണ്ടികൾ ഓടാതിരുന്നാലുള്ള നഷ്ടം നമുക്ക് പരിപൂർണ്ണമായി ഒഴിവാക്കാനും കൂടുതൽ യാത്രക്കാർ കയറുന്നതുകൊണ്ട് കൂടുതൽ വരുമാനമുണ്ടാക്കാനും കഴിഞ്ഞിട്ടുണ്ട്. കഴിഞ്ഞ രണ്ടു മാസത്തെ സിറ്റിക്കകത്തുള്ള ഓപ്പറേഷനുകളുടെ ആവറേജ് നോക്കുമ്പോൾതന്നെ കഴിഞ്ഞ കാലങ്ങളിൽനിന്നും വ്യത്യസ്തമായി പ്രതിദിനം ഒരു ലക്ഷം രൂപയുടെ അധികവരുമാനമുണ്ടായിട്ടുണ്ടെന്ന് സഭയെ അറിയിക്കാൻ എനിക്ക് സന്തോഷമുണ്ട്.

ശ്രീ. എം. എം. ഹസ്സൻ: ഇത് ഒരുതരം പത്രാസ് കാണിക്കാനുള്ള ഒരു പരിഷ്കാരമാണ്. അതുകൊണ്ട് കൂടുതൽ മൊബൈൽ വർക്ക് ഷോപ്പുകളുണ്ടാക്കി പൂർണ്ണ ദേശസാൽക്കൃത റൂട്ടായ തിരുവനന്തപുരത്ത് കൂടുതൽ വണ്ടികളിടുന്നതിനും ഇതിന് ഉപയോഗിക്കുന്ന പണമുപയോഗിച്ചുകൊണ്ട് ഈ സമ്പ്രദായത്തിന് മാറ്റം വരുത്താനും തയ്യാറാകുമോ? ഇവിടെ എവിടെവച്ച് വണ്ടികൾക്ക് കേടായാലും ഫോൺ ചെയ്ത് അറിയിക്കാനുള്ള സൗകര്യമുണ്ട്.

ശ്രീ. പി. കെ. വേലായുധൻ: ഈ പറഞ്ഞത് മുഴുവൻ ശരിയല്ല. രാവിലെ 7.30 മുതൽ രാത്രി 9.30 വരെ ഈ ട്രാൻസ് മൊബൈൽ യൂണിറ്റിന്റെ പ്രവർത്തനത്തിന്റെ പ്രയോജനം നമുക്ക് കിട്ടുന്നുണ്ട്. ഇപ്പോഴും ടെലഫോൺ സൗകര്യങ്ങളുണ്ട്. പക്ഷെ ഏതെങ്കിലും ഒരു വർക്ക്ഷോപ്പിൽ വിളിച്ചുപറഞ്ഞ് ആ വർക്ക്ഷോപ്പിൽനിന്ന് ഒരു മെക്കാനിക്കിനെയും അതുപോലെതന്നെ ആവശ്യമായ സ്റ്റാഫിനേയും സ്പോട്ടിലേക്ക് അലോട്ട് ചെയ്ത് അവിടെ എത്തിക്കണമെങ്കിൽ വേറൊരു വണ്ടിയെടുത്ത് എത്തിക്കണം. എന്നാൽ ഈ ട്രാൻസ് മൊബൈലിൽത്തന്നെ ഒരു മെക്കാനിക്കും ആവശ്യമായ ഉപകരണങ്ങളും എപ്പോഴും റെഡിയാണ്. കൺട്രോൾ റൂമിൽ മെസ്സേജ് കിട്ടുന്നതനുസരിച്ച് റഷായി സ്പോട്ടിലേക്ക് എത്താൻ കഴിയും. ഇത് വളരെ പ്രയോജനകരമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണപിള്ള: ട്രാൻസ് മൊബൈൽ യൂണിറ്റിൽ ഒരു മെക്കാനിക്കും മറ്റ് സംവിധാനങ്ങളുമുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. പക്ഷെ, മെസ്സേജ് കിട്ടി പോകുന്ന ട്രാൻസ് മൊബൈൽ യൂണിറ്റിലല്ലാതെ സഞ്ചരിച്ചുകൊണ്ടിരിക്കുന്ന ട്രാൻസ്മൊബൈൽ യൂണിറ്റിൽ പലപ്പോഴും മെക്കാനിക്കും സാധനങ്ങളുമില്ലായെന്നുള്ളതുകൊണ്ട് അവർക്ക് മെസ്സേജു കിട്ടിയാൽ പഴയതുപോലുള്ള കാലതാമസം വരുന്നുവെന്നുള്ളതുകൊണ്ട് ഈ പോകുന്ന അഞ്ചു വണ്ടികളിലും അത്യാവശ്യം റിപ്പയറിനുവേണ്ട സ്പെയർപാർട്ടുകളും ടയറും കൊടുത്ത് മെക്കാനിക്കുകളെ നിശ്ചയിച്ചയക്കാൻ ഏർപ്പാട് ചെയ്യുമോ?

ശ്രീ. പി. കെ. വേലായുധൻ: അങ്ങനെ സംവിധാനമുണ്ട്. എന്നാലും കാരണവശാൽ ഇങ്ങനെയൊരു ഡ്രോപ്പുണ്ടായിട്ടുണ്ടെങ്കിൽ സൂക്ഷ്മമായ പരിശോധന നടത്തുന്നതാണ്.

ശ്രീ. ജി. വരദൻ: ஓயர்லெஸ் ஸ்டேஷன் தமிழ்நாட்டில் முக்கியமான சென்டர்களில் உள்ளன. இவர்களுக்கும் போலீஸ் காரர்களுக்கும் இடையே உள்ள தர்க்கத்தால் நிறுத்தப்பட்டதாக அமைச்சர் சொன்னார்கள். ஆனால் ஐரேஞ்சிலுள்ள தேவிகுளம், வயநாடு, பீருமேடு, போன்ற இடங்களிலுள்ள மக்களுக்கு போன் கனக்ஷன் கூட கிடைப்பதில்லை. எனவே ஒரு வண்டி நிப்பெயர் ஆனால் எத்தனை நாட்களானாலும் அது அங்கேயே கிடக்கும். அப்போது சர்க்காருக்கு நஷ்டம். ஆகையால் அந்தமாதிரி இடங்களில் ஒரு மொபைல் ஒர்க்ஷாப் ஏற்படுத்துவதற்கு நடவடிக்கை எடுக்கப்படுமா?

ശ്രീ. പി. കെ. വേലായുധൻ: മൊബൈൽ വർക്കുഷോപ്പ് എസ്റ്റാബ്ലിഷ് ചെയ്യുന്ന കാര്യത്തെക്കുറിച്ചൊക്കെ കെ. എസ്. ആർ. ടി. സി. പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. തീർച്ചയായും ഇടുക്കി, വയനാട് ജില്ലകളിലെ മലയോര പ്രദേശങ്ങളിലെ ഗതാഗത സൗകര്യത്തിനത് ഇൻട്രോഡ്യൂസ് ചെയ്യേണ്ട സമയത്ത് പരിഗണന ലഭിക്കും.

ശ്രീ. പി. സി. ജോർജ്ജ്: ട്രാൻസ് മൊബൈലിന് നാലു ലക്ഷം രൂപ ചെലവായി എന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറഞ്ഞത്. അഞ്ചു വണ്ടിക്കുതന്നെ അഞ്ചു ലക്ഷം രൂപയിൽ കൂടുതൽ ചെലവാകും. അങ്ങനെയാണെങ്കിൽ ഇത് ഒരു നഷ്ടമല്ലേ? ട്രാൻസ് മൊബൈൽ സിസ്റ്റത്തിൽ ഒരു കൺട്രോളിംഗ് ഇൻസ്പെക്ടർ പോകുന്നുണ്ട്. വണ്ടി മെയിൻറനൻസിന് ഈ കൺട്രോളിംഗ് ഇൻസ്പെക്ടറുടെ ആവശ്യമില്ല. ട്രാൻസ് മൊബൈൽ തന്നെ കേടായി വഴിയിൽ കിടന്നാൽ രണ്ടു ദിവസം കിടക്കുന്ന ഗതിയാണ് ഈ സംസ്ഥാനത്തുള്ളത്. അതുകൊണ്ട് ഇതൊരു കളിപ്പീരാണ്, ഉപയോഗമില്ലാത്ത കാര്യമാണ്. ഇത് നിറുത്താനുള്ള സംവിധാനം മന്ത്രി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. കെ. വേലായുധൻ: ബഹുമാനപ്പെട്ട അംഗം കൂടി ബോർഡ് മെമ്പറായിട്ടുള്ള കെ. എസ്. ആർ. ടി. സി. യെക്കുറിച്ചാണ് പറയുന്നത്. 1984 ആഗസ്റ്റ് മാസം ഈ തീരുമാനമെടുക്കുമ്പോൾ അഞ്ച് ട്രാൻസ് മൊബൈൽ വാഹനങ്ങൾ വാങ്ങിയിട്ടുണ്ട്. അതിൽ ചില ഉപകരണങ്ങൾ ഘടിപ്പിക്കുന്നതിന് 18,746 രൂപയും വാഹനങ്ങൾ വാങ്ങിക്കുന്നതിലേക്കായി 4,10,921 രൂപയുമാണ് ആയിട്ടുള്ളതെന്നാണ് എന്റെ കൈവശം വന്നിട്ടുള്ള രേഖയിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞത്. ഒരു ഇൻസ്പെക്ടർ വണ്ടിയിലുണ്ടെന്നുള്ളത് ആശ്വാസകരമായ കാര്യമാണ്. കാരണം പീക്ക് ഔവ്വേഴ്സിൽ വളരെയധികം യാത്രക്കാർ ബസ് സ്റ്റോപ്പുകളിൽ നിൽക്കുമ്പോൾ, വരുന്ന വണ്ടി നിറുത്താതെ പോകുന്നുവെന്നുള്ള ആക്ഷേപങ്ങൾ യാത്രക്കാരിൽനിന്നും ബസ് പാസഞ്ചേഴ്സ് അസോസിയേഷൻ കിട്ടിയതിനെത്തുടർന്ന് ഇങ്ങനെ നിറുത്താതെ പോകുന്ന ബസ്സുകൾ ബസ്സ് റോപ്പിൽ നിറുത്തുന്നതിന് ട്രാൻസ് മൊബൈൽ ഇൻസ്പെക്ടറുടെ സേവനം വളരെയേറെ പ്രയോജനപ്പെടുന്നുണ്ട്.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ അനുവദിക്കുന്നതിനുള്ള മാനദണ്ഡം

* 452 [482] ശ്രീ. കെ. വി. സുരേന്ദ്രനാഥ്:
എം. കെ. കേശവൻ:
,, വി. കെ. രാജൻ:
,, പി. കുമാരൻ:

ഡോക്ടർ എ. സുബ്ബറാവു: താഴെ കാണുന്ന ചോദ്യത്തിന് തൊഴിൽ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എംപ്ലോയ്മെന്റ് ആഫീസുകൾ അനുവദിക്കുന്നതിന് ഇപ്പോൾ നിശ്ചയിച്ചിരിക്കുന്ന മാനദണ്ഡം എന്ത്?

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. കെ. ശിവദാസൻ): റവന്യൂ ജില്ലാ തലസ്ഥാനങ്ങളിൽ ഡിവിഷണൽ / ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും 25,000 വരുന്ന ജനസംഖ്യയോ 10,000 വരുന്ന മാനവശേഷിയോ ഉള്ള മുനിസിപ്പാലിറ്റികളിലും സ്ഥലങ്ങളിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും തുടങ്ങുക എന്ന മാനദണ്ഡമാണ് ഇപ്പോൾ നിലവിലുള്ളത്.

ശ്രീ. കെ. വി. സുരേന്ദ്രനാഥ്: സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞ ഈ മാനദണ്ഡമനുസരിച്ചുതന്നെ ഇനിയും എത്രയോ സ്ഥലങ്ങളിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ തുടങ്ങേണ്ടതായിട്ടുണ്ടെന്നുള്ള വിവരം ഗവൺമെന്റിനറിയാമോ? ആ കുറവു തീർക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ശ്രീ. കെ. ശിവദാസൻ: സർ, ഈ മാനദണ്ഡമുപയോഗിച്ചാണെങ്കിൽ ധാരാളം സ്ഥലത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം I

[നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ (491) കാണുക]

1. മോട്ടോർ ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ (സി. ഐ. ററി. യു.) കണ്ണൂർ.
2. വൈക്കം മോട്ടോർ ആൻറ് മെക്കാനിക്കൽ വർക്കേഴ്സ് യൂണിയൻ (എ. ഐ. ററി. യു. സി.) വൈക്കം.
3. കേരള സംസ്ഥാന സ്വകാര്യ മോട്ടോർ തൊഴിലാളി ഫെഡറേഷൻ (എ. ഐ. ററി. യു. സി.) കൊച്ചി.
4. കേരള സംസ്ഥാന സ്വകാര്യ ബസ്സ് മോട്ടോർ ആൻറ് എഞ്ചിനീയറിംഗ് ഫെഡറേഷൻ (ബി. എം. എസ്.) കോഴിക്കോട്.
5. സെൻട്രൽ ട്രാവൻകൂർ മോട്ടോർ ആൻറ് മെക്കാനിക്കൽ വർക്കേഴ്സ് യൂണിയൻ (സി. ഐ. ടി. യു.) പത്തനംതിട്ട.
6. മോട്ടോർ ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ (സി.ഐ.ടി.യു.) കാസർകോട്.
7. മോട്ടോർ എംപ്ലോയീസ് അസോസിയേഷൻ (ഐ.എൻ.ടി.യു സി.) ചെറുവത്തൂർ.
8. ഡിസ്ട്രിക്ട് മോട്ടോർ ട്രാൻസ്പോർട്ട് എംപ്ലോയീസ് യൂണിയൻ (സി. ഐ. ററി. യു.) പാലക്കാട്.
9. ഇടുക്കി ഡിസ്ട്രിക്ററ് മോട്ടോർ ആൻറ് മെക്കാനിക്കൽ വർക്കേഴ്സ് യൂണിയൻ (സി. ഐ. ററി. യു.) തൊടുപുഴ
10. കേരള പ്രൈവറ്റ് മോട്ടോർ ആൻറ് മെക്കാനിക്കൽ വർക്കേഴ്സ് ഫെഡറേഷൻ (യു. ററി. യു. സി.) (എസ്) കൊല്ലം.
11. കേരള മോട്ടോർ ട്രാൻസ്പോർട്ട് വർക്കേഴ്സ് കോ—ഓർഡിനേഷൻ കമ്മിററി (സി. ഐ. ററി. യു.)
12. കേരള മോട്ടോർ ലേബർ യൂണിയൻ (ഐ. എൻ. ററി. യു. സി.) കണ്ണൂർ.
13. തിരുവനന്തപുരം ജില്ലാ സ്വകാര്യ ട്രാൻസ്പോർട്ട് വർക്കേഴ്സ് യൂണിയൻ (ഐ. എൻ. ററി. യു. സി.) ആറ്റിങ്ങൽ.

അനുബന്ധം II

[നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ (2468) കാണുക]

	സ്ഥാപനത്തിന്റെ പേര്	വായ്പ നൽകിയ തുക
1.	കേരള ഹെൽത്ത് റിസർച്ച് ആൻറ് വെൽഫെയർ സൊസൈററി	210 ലക്ഷം രൂപ
2.	കേരള സ്ററേറ്റ് ഹൗസിംഗ് ബോർഡ്	210 ലക്ഷം രൂപ
3.	കേരള സ്ററേറ്റ് ഇൻഡസ്ട്രിയൽ എൻറർപ്രൈസസ് ലിമിറ്റഡ്	100 ലക്ഷം രൂപ

LIBRARY ARCHIVES Kerala Legislative Assembly